Mathrubhumi മാതൃഭൂമി

Crime Beat

# മലബാർ സിമന്റ്സ് അഴിമതിക്കേസ് : ഡെപ്യൂട്ടി മാർക്കറ്റിങ്ങ് മാനേജർ അറസ്റ്റിൽ

2013 മുതൽ 2015 ആദ്യംവരെയുള്ള സമയത്തെ ഇടപാടുകളുമായി ബന്ധപ്പെട്ട ത്വരിത പരിശോധനയെത്തുടർന്നാണ് വിജിലൻസ് കേസുകൾ രജിസ്റ്റർചെയ്തത്

Published: Jan 25, 2017, 11:25 AM IST

T- T T+



ഡെപ്യൂട്ടി മാർക്കറ്റിങ്ങ് മാനേജർ ജി.വേണുഗോപാൽ

പാലക്കാട്: മലബാർ സിമന്റ്സ് അഴിമതിക്കേസുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി മാർക്കറ്റിങ് മാനേജർ ജി. വേണുഗോപാലിനെ വിജിലൻസ് അറസ്റ്റുചെയ്തു. ഹൈക്കോടതിയിൽനിന്ന് മുൻകൂർ ജാമ്യം ലഭിച്ചിരുന്നതിനാൽ പിന്നീട് ജാമ്യത്തിൽ വിട്ടു. മലബാർ സിമന്റ്സുമായി ബന്ധപ്പെട്ട അഴിമതികളിൽ വിജിലൻസ് രജിസ്റ്റർചെയ്ത രണ്ടുകേസുകളിൽ പ്രതിയാണ് ജി. വേണുഗോപാൽ.

നിയമസഭാ ഉപസമിതിയുടെ നിർദേശം മറികടന്ന് വെയർഹൗസിങ് കോർപറേഷനുമായി കരാറുണ്ടാക്കി ഗോഡൗണുകളിൽ സിമന്റ് സൂക്ഷിച്ച ഇനത്തിൽ

2.03 കോടി അധികച്ചെലവുണ്ടായി എന്നതാണ് ഒന്നാമത്തെ കേസ്. ചില സിമന്റ് വിതരണക്കാർക്ക് അമിത ഇളവുകൾ നൽകുകവഴി കമ്പനിക്ക് 2.7 കോടി നഷ്ടമുണ്ടായെന്നതാണ് രണ്ടാമത്തെ കേസ്.

ഈ കേസിൽ ഒന്നാംപ്രതിയായ മുൻ എം.ഡി. കെ. പദ്മകുമാറിനെ വിജിലൻസ് സെപ്തംബറിൽ അറസ്റ്റുചെയ്തിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സംവിധാനമായ റിയാബിന്റെ സെക്രട്ടറികൂടിയായ അദ്ദേഹം ഇപ്പോൾ സസ്പെൻഷനിലാണ്.

2013 മുതൽ 2015 ആദ്യംവരെയുള്ള സമയത്തെ ഇടപാടുകളുമായി ബന്ധപ്പെട്ട ത്വരിത പരിശോധനയെത്തുടർന്നാണ് വിജിലൻസ് കേസുകൾ രജിസ്റ്റർചെയ്തത്. വിതരണക്കാർക്ക് വിവിധതരത്തിലുള്ള ഇളവുകൾ നൽകി വിവിധ ജില്ലകളിൽ വിവിധ വിലയ്ക്കാണ് സിമന്റ് നൽകിയിരുന്നത്. കമ്പനിക്ക് വൻനഷ്ടമുണ്ടാക്കുന്ന ഈ ഇടപാടിൽ വൻകിട വിതരണക്കാരാണ് ലാഭംകൊയ്തിരുന്നത്.

വിജിലൻസ് ഡിവൈ.എസ്.പി. സുകുമാരൻ, സി.ഐ. കെ.എം. പ്രവീൺകുമാർ എന്നിവരടങ്ങിയ സംഘമാണ് അറസ്റ്റുചെയ്തത്. അന്വേഷണം നടക്കട്ടെയെന്ന് ജി. വേണുഗോപാൽ പ്രതികരിച്ചു. മലബാർ സിമന്റ്സ് കേസുകളിൽ ഹൈക്കോടതിയിൽനിന്ന് രൂക്ഷ പരാമർശമുണ്ടായതിനെത്തുടർന്ന് ജൂലായ് 10നാണ് കേസിൽ എഫ്.ഐ.ആർ. രേഖപ്പെടുത്തിയത്.

കേസിൽ പ്രതികളായ ഉദ്യോഗസ്ഥരെ സ്ഥാനങ്ങളിൽനിന്ന് നീക്കണമെന്നാവശ്യപ്പെട്ട് ജൂലായ് 17ന് വിജിലൻസ് കത്ത് നൽകിയിരുന്നു. എന്നാൽ, മാനേജിങ് ഡയറക്ടറായിരുന്ന കെ. പദ്മകുമാർ ഒഴികെയുള്ളവർ ഇപ്പോഴും തുടരുന്നുണ്ട്. ക്രമക്കേട് കണ്ടെത്തിയിട്ടും ഇളവുകളോടെയുള്ള സിമന്റ് വില്പന തുടരുകയുംചെയ്തു.

Like 0 Share